# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6155** — 07.11.2016 ലെ മറുപടിക്ക്

## പിഴ ഈടാക്കി അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) അനധികൃതമായി കെട്ടിടനിർമ്മാണം (വാസഗൃഹം/കൊമേഴ്സൽ കെട്ടിടങ്ങൾ) നടത്തിയവർക്ക് പിഴ ഈടാക്കികൊണ്ട് കെട്ടിട നമ്പർ നല്കാമെന്നുള്ളതിന് എന്തെങ്കിലും സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) ഉണ്ട്; ജി.ഒ.(എം.എസ്)39/14/തസ്വഭവ തീയതി 14.02.2014, ജി.ഒ.(പി) 108/15/തസ്വഭവ തീയതി 26.03.2015, ജി.ഒ.(എം.എസ്)150/14/തസ്വഭവ തീയതി 21.08.2014, ജി.ഒ.(പി)285/15/തസ്വഭവ തീയതി 14.09.2015 എന്നീ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) എങ്കിൽ എന്നുമുതലാണ് ഈ ഉത്തരവിന് പ്രാബല്യം; വിശദമാക്കുമോ; | (ബി) 2014 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ 17 ഫെബ്രുവരി 2014-ലും (ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി), 2014 ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ 27 ആഗസ്റ്റ് 2014-ലും (ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി) പ്രാബല്യത്തിൽ വന്നിരുന്നു. |
| (സി) എന്നുമുതൽ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾക്കാണ് ഈ ഉത്തരവ് ബാധകമാകുന്നത്; വിവരിക്കുമോ; | (സി) ഈ ചട്ടങ്ങൾ പ്രകാരവും 2013 മാർച്ച് 31-ാം തീയതി വരെ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരണത്തിന് പരിഗണനാർഹമാണ്. ടി ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്ന കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിനുള്ള അപേക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, ജില്ലാ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ മുഖേന സർക്കാരിന് ശുപാർശ സഹിതം സമർപ്പിക്കുന്നതിനും, തുടർന്ന് ക്രമവത്ക്കരണത്തിന് പരിഗണിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |

(തുടർച്ച.......2)

| | |
|---|---|
| (ഡി) വാസഗൃഹം അനധികൃതമായി നിർമ്മിച്ച വർക്കും കൊമേഴ്സൽ കെട്ടിടങ്ങൾ നിർമ്മിച്ചവർക്കും നിയമാനുസരണം പിഴ ഈടാക്കി അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് കൊടുക്കുവാൻ നടപടി സ്വീകരിച്ചാൽ അത് വളരെ ആൾക്കാർക്ക് പ്രയോജനം ലഭിയ്ക്കുമെന്നത് മനസ്സിലാക്കി അനുകൂല നടപടികൾ സ്വീകരിക്കുമോ? | (ഡി) ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ